# കാനേഷുമാരിയും ജാതി വിവേചനവും

**രാജ്യത്ത്** സെൻസസ് 2011ന്റെ പ്രവർത്തങ്ങളാരംഭിച്ചിരിക്കുകയാണ്. പൗരസഞ്ചയത്തിന്റെ ജീവിതാവസ്ഥ ആധികാരികമായി തിട്ടപ്പെടുത്താനുള്ള ഉപാധിയെന്ന നിലയിൽ ഏറെ ഗൗരവമാർന്ന സംരംഭമാണിത്. ദാരിദ്ര്യം, നിരക്ഷരത, തൊഴിലില്ലായ്മ, അനാരോഗ്യം തുടങ്ങിയ സങ്കീർണമായ നിരവധി പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ് സമകാലീന ഭാരതം. ഈ പ്രശ്നങ്ങൾ യാഥാർഥ്യബോധത്തോടെ ആസൂത്രിതമായി കൈകാര്യം ചെയ്യാൻ ജനങ്ങളെക്കുറിച്ചും അവരുടെ ജീവിതാവസ്ഥകളെക്കുറിച്ചും കൃത്യമായ ധാരണകൾ അനിവാര്യമാകുന്നു. ഉദാഹരണമായി കഴിഞ്ഞ കാനേഷുമാരിയിൽ രാജ്യത്ത് സ്ത്രീ പുരുഷാനുപാതത്തിൽ ഗണ്യമായ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നതായി വെളിപ്പെടുകയുണ്ടായി. അതിന്റെ കാരണം പരിശോധിച്ചപ്പോൾ പെൺകുട്ടികൾ ഭ്രൂണാവസ്ഥയിലും പ്രസവിച്ച ഉടനെയും ധാരാളമായി കൊല്ലപ്പെടുന്നുവെന്ന് കണ്ടെത്തി. പെൺകുട്ടികളുടെ സംരക്ഷണവും വിദ്യാഭ്യാസവും വിവാഹവുമൊക്കെ കുടുംബങ്ങൾ വലിയ ഭാരമായി കാണുന്നതുകൊണ്ടാണിതെന്നും വ്യക്തമായി. തുടർന്ന് സർക്കാർ വനിതകളെ സംരക്ഷിക്കാനും ജനസംഖ്യയിലെ സ്ത്രീ പുരുഷാനുപാതം സന്തുലിതമാക്കാനുമുള്ള നടപടികൾ കൈകൊണ്ടും അവരുടെ വിദ്യാഭ്യാസത്തിനും വിവാഹത്തിനുമൊക്കെ ചില സഹായ പദ്ധതികളാവിഷ്കരിച്ചു. പെൺകുട്ടികൾ ഭ്രൂണാവസ്ഥയിൽ കൊല്ലപ്പെടുന്നതൊഴിവാക്കാൻ ഡയഗ്നൈസ്റ്റിക് സെന്ററുകളിൽ ലിംഗനിർണയ ടെസ്റ്റുകളും സ്കാനിംഗും നിരോധിച്ചു. ഇതൊക്കെ എത്രത്തോളം ഫലപ്രദമായി എന്നു വ്യക്തമാവുക ഇപ്പോഴത്തെ കാനേഷുമാരിയിലൂടെയാണ്.

അതിനാൽ പൗരന്മാരുടെ തലയെണ്ണുന്ന പരിപാടി എന്നതിലുപരി സെൻസസ് ജനങ്ങളുടെ, രാജ്യത്തിന്റെ ഭാവി ജീവിതത്തോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ടുതന്നെ ജനങ്ങൾ സെൻസസിനെ സമീപിക്കേണ്ടതുണ്ട്. ഇപ്രാവശ്യത്തെ കാനേഷുമാരിയുടെ പ്രാധാന്യം വർധിപ്പിക്കുന്ന മറ്റൊരു ഘടകം കൂടിയുണ്ട്. രാജ്യത്തെ ഓരോ പൗരന്റെ പേരിലും അയാളുടെ എല്ലാ വിവരങ്ങളും ഉൾക്കൊള്ളുന്ന തിരിച്ചറിയൽ രേഖ തയാറാക്കാൻ തുടങ്ങിയിരിക്കുകയാണ് ഗവൺമെന്റ്. കമ്പ്യൂട്ടർ സാങ്കേതികവിദ്യയിലൂടെ അത് പൂർത്തീകരിക്കാൻ നന്ദൻ നിലേക്കനിയുടെ നേതൃത്വത്തിൽ ഒരു സംഘം വിദഗ്ധരെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഒരുതരം തിരിച്ചറിയൽ കാർഡാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നടപ്പു കാനേഷുമാരിയുടെ അടിസ്ഥാനത്തിൽ ക്രോഡീകരിക്കുന്ന 'നാഷ്നൽ പോപ്പുലേഷൻ റജിസ്റ്ററി'നെ ആധാരമാക്കിയായിരിക്കും ഈ കാർഡ് തയാറാക്കുന്നത്. എൻ.പി.ആറിൽ തെറ്റായ വിവരങ്ങൾ ചേർത്താൽ അത് ഈ തിരിച്ചറിയൽ കാർഡിനെയും ബാധിക്കും. ഇത്തരം പ്രശ്നങ്ങളൊഴിവാക്കാനും ജനസംഖ്യാ രേഖകൾ കൃത്യവും സത്യസന്ധവുമാക്കാനും, ജനങ്ങളും അതതിടങ്ങളിലെ സെൻസസ് പ്രവർത്തകരും തദ്ദേശീയ സാമൂഹിക പ്രവർത്തകരും ജാഗ്രത പുലർത്തേണ്ടതാണ്.

പുതിയ കാനേഷുമാരിയിൽ ജാതി ഉൾപ്പെടുത്തണമോ വേണ്ടയോ എന്ന ഒരു തർക്കം ഉയർന്നുവന്നിട്ടുണ്ട്. സർക്കാർ ആദ്യം വേണ്ടെന്നു പ്രഖ്യാപിച്ചെങ്കിലും എല്ലാ പാർട്ടികളിലെയും ചില നേതാക്കളും പിന്നാക്ക വിഭാഗങ്ങൾക്ക് ഗണ്യമായ പ്രാതിനിധ്യമുള്ള പാർട്ടികൾ മൊത്തത്തിലും ജാതി കൂടി ഉൾപ്പെടുത്തിയ കാനേഷുമാരിയാണ് വേണ്ടതെന്ന് മുറവിളി കൂട്ടിയതോടെ, വിഷയം ആഴത്തിൽ പരിശോധിച്ച് തീരുമാനിക്കാൻ ഒരു മന്ത്രിസഭാ ഉപസമിതിയെ നിയോഗിക്കാൻ നിർബന്ധിതരായിരിക്കുകയാണ് സർക്കാർ. കാനേഷുമാരിയിൽ ജാതി ഉൾപ്പെടുത്തുന്നത്, രാജ്യം നിർമാർജനം ചെയ്യാൻ പ്രതിജ്ഞാബദ്ധമായ ജാതീയതക്ക് ഔദ്യോഗികമായ അംഗീകാരം നൽകലായിരിക്കും. ഈ അംഗീകാരം ജാതീയ ജനസംഖ്യയുടെ അനുപാതമനുസരിച്ച് പൊതുജീവിതത്തിൽ ആവശ്യങ്ങളും അവകാശങ്ങളും ഉന്നയിക്കാൻ എല്ലാ ജാതികളും ന്യായമാക്കും. രാജ്യത്ത് ആഭ്യന്തര സംഘർഷം മൂർഛിക്കുകയായിരിക്കും അതിന്റെ ഫലം. ഇതാണ് കാനേഷുമാരിയിൽ ജാതി

ഉൾപ്പെടുത്തരുതെന്നു വാദിക്കുന്നവരുടെ ന്യായം. അപ്പോൾ സർക്കാറിന്റെ പ്രത്യേക പരിഗണന ആവശ്യപ്പെടുന്ന അധഃസ്ഥിത ജനവിഭാഗങ്ങൾ തിരിച്ചറിയപ്പെടുന്നതെങ്ങനെ എന്നൊരു ചോദ്യമുണ്ട്. ദാരിദ്ര്യമാണ് അവശതയും അധഃസ്ഥിതിയും, ദാരിദ്ര്യത്തിന് ജാതി ഭേദമില്ല, ദരിദ്രരെ തിരിച്ചറിയുകയും ദാരിദ്ര്യ നിർമാർജന നടപടികൾ സ്വീകരിക്കുകയും ചെയ്യുകയാണതിനുള്ള പരിഹാരം എന്നാണ് മറുപടി.

പ്രത്യക്ഷത്തിൽ യുക്തിസഹമെന്നു തോന്നാമെങ്കിലും യഥാർഥത്തിൽ ജാതി നിർമാർജനത്തിന്റെ മേൽവിലാസത്തിൽ മേൽജാതി താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള അടവാണീ വാദം. രാജ്യം ഭംഗ്യന്തരേണ ജാതീയതയെ ഒരു യാഥാർഥ്യമായി അംഗീകരിച്ചിട്ടുണ്ട്. 1931-ലെ ജാതി അടിസ്ഥാനത്തിലുള്ള കാനേഷുമാരിയെ അവലംബിച്ചാണ് സർക്കാർ ഉദ്യോഗങ്ങളിലും മറ്റും സംവരണമേർപ്പെടുത്തിയിട്ടുള്ളത്. ഈ സംവരണ സംവിധാനത്തിന്റെ ന്യായം ഇല്ലാതാക്കുകയാണ് സംവരണവിരുദ്ധരായ സവർണ മേധാവികളുടെ ലക്ഷ്യം. ജാതി നിർമാർജനം ചെയ്യേണ്ടത് കണക്കിൽനിന്നും കടലാസിൽനിന്നുമല്ല, മനുഷ്യ മനസ്സിൽനിന്നാണ്. മനസ്സിൽ രൂഢമായ ജാതിബോധവും ഉഛനീചത്വവുമാണ് നിർമാർജനം ചെയ്യേണ്ടത്. എല്ലാ ജാതികൾക്കും അർഹിക്കുന്ന ആദരവും അവസരവും അവകാശവും ലഭിക്കുമ്പോഴേ ജാതിഭേദം ഇല്ലാതാകൂ. ഇപ്പോൾ ഇന്ത്യയിലെ അധഃസ്ഥിത പിന്നാക്ക ജാതികൾക്കും മതസമുദായങ്ങൾക്കും ഇപ്പറഞ്ഞതൊന്നും ആവശ്യമായ അളവിൽ ലഭിക്കുന്നില്ല. ഓരോ ജനവിഭാഗത്തിനും അർഹിക്കുന്നത് നൽകാൻ അവരുടെ എണ്ണവും വണ്ണവും വിവിധ ജീവിതമേഖലകളിലെ പുരോഗതിയും അധോഗതിയുമെല്ലാം വ്യക്തമായി അറിയേണ്ടതുണ്ട്. അതറിയാനുള്ള ശ്രമത്തെ എതിർക്കുന്നതിനർഥം അധികാരവും സമ്പത്തും കൈയടക്കി വെച്ചവർ അവശ വിഭാഗങ്ങളുടെ അവകാശങ്ങൾ വകവെച്ചു കൊടുക്കാൻ ഉദ്ദേശിക്കുന്നില്ല എന്നാണ്. ■